നം.കെഎസ്എ-കെടിഎം.പി4-1970/2019 തീയതി : 01.02.2020

# കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.18 മുതൽ 30.11.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **31** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **29** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.12.19 മുതൽ 21.12.19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ആൽബിൻ സിറിയക് | ഓഡിറ്റർ |
| | ശ്രീ.ബിനീത് രാജൻ | ഓഡിറ്റർ |

**ബി) നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. ചെറിയാൻ മാത്യു | 01.04.18 മുതൽ 30.11.18 വരെ |
| | ശ്രീമതി സെലീമ സിബി | 01.12.18 മുതൽ 21.12.18 വരെ |
| | ശ്രീ.ബിനോയ് പി.ചെറിയാൻ | 22.12.18 മുതൽ 31.03.19വരെ |
| ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി ജെസി മാത്യു | 01.04.18 മുതൽ 19.11.18 വരെ |
| | ശ്രീ.മനു മനോജ് | 12.12.18 മുതൽ 31.03.19വരെ |
| വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.സെലീമ സിബി | 01.04.18 മുതൽ 10.12.18 വരെ |
| | ശ്രീ.എൻ.പി ജയൻ | 17.01.19 മുതൽ 31.03.19വരെ |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ബിനോയ് ചെറിയാൻ | 01.04.18 മുതൽ 19.11.18 വരെ |
| | മിനിമോൾ | 01.02.19 മുതൽ 31.03.19വരെ |
| ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി. ജിനി ജോജി | 01.04.18 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ബെന്നി ജേക്കബ് | 01.04.18 മുതൽ 31.03.19 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജയകുമാർ ബി.റ്റി. | 01.04.18 മുതൽ 22.06.18 വരെ |
| | ശ്രീമതി ബിന്ദു എസ്. | 22.06.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി മിനി എസ്.തമ്പി | 01.04.18 മുതൽ 20.08.18 വരെ |
| | ശ്രീ. അഖിൽ | 21.08.18 മുതൽ 03.09.18 വരെ |
| | ശ്രീമതി ഷിജിന | 03.09.18 മുതൽ 22.11.18 വരെ |
| | ശ്രീമതി സലിൻ പി.ആർ. | 22.11.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ജാൻസി തോമസ് | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജയദേവൻ | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ | ശ്രീമതി ലേഖ എം.തമ്പി | 01.04.18 മുതൽ 17.11.18 വരെ |
| | ശ്രീ. അനീഷ് കുമാർ ആർ. | 17.11.18 മുതൽ 30.11.18 വരെ |
| | സിൻസി ജോസഫ് | 30.11.18 മുതൽ 31.03.19 വരെ |
| | ശ്രീ.മാത്യു പി.സി | 30.11.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ധന്യാ സുശീലൻ | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബബിതാ സി. ബേബി | 01.04.18 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സുമ | 01.04.18 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | 01.04.18 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് | ശ്രീ സോജൻ.കെ.എസ്. | 01.04.18 മുതൽ 05.03.2019 വരെ |

| | | |
|---|---|---|
| എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി രജനി | 06.03.19മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അനുജ ഭാഗ്യലക്ഷ്മി | 01.04.18 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നം. | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | ആഭ്യന്തരനിയന്ത്രണം |
| 1-4 | പദ്ധതി അവലോകനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് |
| 1-9 | വസ്തുനികുതി പരിഷ്കരണം - അടിസ്ഥാനനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തതിലെ പിഴവ് - സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല |
| 1-10 | വസ്തുനികുതി കുടിശിക |
| 1-11 | വസ്തുനികുതി അപാകതകൾ |
| 1-12 | കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ് |
| 1-13 | സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ വസ്തുനികുതി നിർണ്ണയ അപാകതകൾ - പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ല |
| 1-14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 1-15 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽനികുതി |

| | |
|---|---|
| | ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല |
| 1-16 | ലൈസൻസ് നൽകൽ - ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 1-17 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല |
| 1-18 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു |
| 1-19 | ഇ-ടെൻഡർ ഫീസ് - ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു |
| 1-20 | മരാമത്തുവേലകൾ - മിച്ചംവന്ന നിർമ്മാണസാമഗ്രികൾ ലേലം ചെയ്തിട്ടില്ല |
| 1-21 | ജി.എസ്.റ്റി. ഇനത്തിൽ തെറ്റായ ലോഗിനിൽ അടവാക്കിയ 30,192/- രൂപ തിരികെ ലഭിച്ചിട്ടില്ല |
| 1-22 | ഫണ്ട് കൈമാറി 4 വർഷം കഴിഞ്ഞിട്ടും കുടിവെള്ള കണക്ഷനുവേണ്ടിയുള്ള പ്രോജക്ട് നടപ്പായിട്ടില്ല |
| 1-23 | കന്നുകുട്ടി പരിപാലനം - പദ്ധതി തുക സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| 1-24 | തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിങ്ങ് സംവിധാനം - പ്രോജക്ട് നടപ്പാക്കിയില്ല |
| 1-25 | ജർമ്മൻ കുടിവെള്ള പദ്ധതി - തുടർനടത്തിപ്പും സംരക്ഷണചുമതലയും ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല |
| 1-26 | സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് അനെർട്ടിൽ തുക നിക്ഷേപിച്ചു - പ്രവൃത്തി നടപ്പായില്ല |
| 1-27 | ബില്ലിൽ നിന്നും നികുതി വിഹിതങ്ങൾ കുറവ് ചെയ്തില്ല – ഓവർഹെഡ് ചാർജിനത്തിൽ വകയിരുത്തിയ തുക ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകി |
| 1-28 | കാണക്കാരി വെമ്പള്ളി സ്കൂളിൽ ടോയ്‌ലെറ്റ് നിർമ്മാണം - പരിപാലനത്തിന്റെ അഭാവത്താൽ ഫലപ്രാപ്തിയിലെത്തിയിട്ടില്ല |
| 1-29 | കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത ടെൻഡർ അംഗീകരിച്ചില്ല |

| | |
|---|---|
| 1-30 | ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്റ്റുകൾ - നടപടിക്രമങ്ങളിൽ അപാകതകൾ |
| 1-31 | എസ്.എസ്.എ.വിഹിതം നൽകൽ - ഡിമാന്റിലധികരിച്ച് 3,120/- രൂപ അധികമായി അടവാക്കി |
| 1-32 | കന്നുകുട്ടി പരിപാലനം - രേഖകളുടെ അഭാവത്തിൽ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-33 | ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല |
| 1-34 | സ്കൂളുകൾ, അങ്കണവാടി കെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വ പരിശോധന - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 1-35 | ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു |
| 1-36 | ലൈഫ് മിഷൻ (ഫേസ് I) – ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല |
| 1-37 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം - സംബന്ധിച്ച് |
| **ഭാഗം 2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 3 ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ബില്ലിൽ നിന്നും നികുതി വിഹിതങ്ങൾ കുറവ് ചെയ്തില്ല – ഓവർഹെഡ് ചാർജിനത്തിൽ വകയിരുത്തിയ തുക ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകി |
| **ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം |
| 4-2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ |

| | |
|---|---|
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം |
| 4-9 | ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |



## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

ബജറ്റ് തയ്യാറാക്കലും അതിന്റെ അനുമതി നൽകലും സംബന്ധിച്ച പഞ്ചായത്ത് രാജ് ആക്ടിലെ 214-ാം വകുപ്പനുസരിച്ച് അടുത്ത വർഷത്തേക്കുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഓരോ വർഷവും ജനുവരി മാസം 15-ാം തീയതിക്ക് മുമ്പായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റിലേക്കുള്ള കരട് നിർദ്ദേശങ്ങൾ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുള്ളത് ഫെബ്രുവരി മാസത്തിൽ മാത്രമാണ്. കരട് നിർദ്ദേശങ്ങളുടെയും മുൻവർഷത്തെ കണക്കുകളുടെയും അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തൻവർഷത്തേക്കുള്ള കരട് ബജറ്റ് തയ്യാറാക്കി 16-3-18-ലെ ജനറൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ജനറൽ കമ്മിറ്റിയുടെ 23.03.18 തീയതിയിലെ I/1 തീരുമാനപ്രകാരം ബജറ്റ് അംഗീകരിക്കുകയുംചെയ്തു. വാർഷിക പദ്ധതിയിലെ ഭേദഗതികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 31.01.19 തീയതിയിലെ 4(1) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം തുക | യഥാർത്ഥ കണക്കുപ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 7,564,251 | 5,770,989 | 1,793,262 |
| വരവ് | 7,880,000 | 82,381,078 | -74,501,078 |
| ആകെ | 123,499,459 | 88,152,067 | 35,337,392 |
| ചെലവ് | 119,837,463 | 63,400,841 | 56,436,622 |

| | | | |
|---|---|---|---|
| നീക്കിയിരിപ്പ് | 1,226,247 | 24,751,226 | -23,524,979 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥകണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽപട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യഥാർത്ഥ ബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 1372000 | 1372000 | 13592948 | 127052 | 99 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 3833000 | 3833000 | 3773771 | 49229 | 98.71 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 309000 | 309000 | 2 01549 | 107451 | 65 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 13454000 | 13454000 | 12072311 | 1 381689 | 89.73 |
| മെയിന്റനൻസ്, നോൺ റോഡ് (ACR പ്രകാരം) | | 0 | 2851000 | 2851000 | 2816447 | 34553 | 98.79 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6367000 | 6367000 | 4112015 | 2254985 | 64.58 |
| സാക്ഷരത | | 1239 | 49(പലിശ) | 1288 | - | 1288 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 1624431 | 1624431 | 1426494 | 197937 | 87.8 |
| | ജില്ലാ പഞ്ചായത്ത് | - | 3071479 | 3071479 | 1061242 | 201027 | 34.55 |
| ബി ഫണ്ട് | | | 300000 | 300000 | 300000 | - | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 15144623 (റിഡെംഷൻ തുക-15000009 ഉൾപ്പെടെ) | 8864373 | 24008996 | 7823588 | 16185408 | 32.6 |
| തനത് ഫണ്ട് | | | 22,413,383 | | 5573831 | | |
| ശുചിത്വമിഷൻ ഗ്രാന്റ് | | 850363 | 799486 | 1649849 | 105000 | 1544849 | 6.4 |

<u>തൊഴിലുറപ്പപദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 14047 | 826315 | 840362 | 773621 | 66741 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്. | - | 16555551 | 16555551 | 16555551 | - |
| ആകെ | 14047 | 17381866 | 17395913 | 17329172 | 66741 |

ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62160 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 5070600 | 400 |
| വിധവാപെൻഷൻ | 6794900 | 580 |
| വാർദ്ധക്യകാലപെൻഷൻ | 21019300 | 1800 |
| വികലാംഗപെൻഷൻ | 3227100 | 259 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 646500 | 53 |

## 1-3 ആഭ്യന്തരനിയന്ത്രണം

ധനകാര്യം, ഭരണപരവും വികസനപരവും ക്ഷേമപരവുമായ പ്രവർത്തനങ്ങൾ, രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പ് വാർഷികപദ്ധതി നിർവ്വഹണം തുടങ്ങിയ വിവിധ വിഷയങ്ങളിൽ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെന്ന് ബന്ധപ്പെട്ട രേഖകളുടെ പരിശോധയിലും നേരിട്ടുള്ള നിരീക്ഷണത്തിലും ബോധ്യമാകുന്നു. ആയതിന്റെ വിശകലന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**അക്കൗണ്ടിംഗ് സിസ്റ്റം**

*സാംഖ്യ സോഫ്റ്റ്വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു.

*സാംഖ്യയിലൂടെ ജനറേറ്റ് ചെയ്യപ്പെടുന്ന ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ ഇടപാടുകളും, സാമ്പത്തിക സ്ഥിതിയും പൂർണ്ണമായി പ്രതിഫലിപ്പിക്കുന്നില്ല. (ആസ്തി/ബാധ്യതകളുടെ കൃത്യമായ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയാകാത്തതിനാൽ).

*വരവുകളും ചെലവുകളും കൃത്യമായ ശീർഷകത്തിൽ യഥാസമയത്ത് അക്കൗണ്ട് ചെയ്യുന്നുണ്ട്.

*എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*പണമിടപാടുകൾക്ക് മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട് .

*കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്.

*പണം സ്വീകരിക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസിൽ പ്രത്യേക സാഹചര്യങ്ങളിൽ ഒരു ദിവസം ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ അതാത് ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള ലോഗിനും പാസ്‌വേഡും ഉപയോഗിക്കാതെ ആദ്യം കൈകാര്യം ചെയ്തിരുന്ന ആളിന്റെ ലോഗിനും പാസ്‌വേഡും തന്നെ രണ്ടാമത്തെ ആളും ഉപയോഗിക്കുന്നതിനാൽ സുരക്ഷിതമായ രീതിയിൽ പണം കൈകാര്യം ചെയ്യുന്നതിനുള്ള സാഹചര്യം ഇല്ലാതാകുന്നു.

തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ സംബന്ധിച്ച രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്ത് പരിധിയിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരവ്യൂഹത്തിന്റെ (Database) അഭാവത്തിൽ, ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർ പൂർണ്ണമായി തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്നുണ്ടോയെന്നും വ്യക്തമല്ല.

*ഉപയോഗശൂന്യമായ സാധനങ്ങളുടെ വില നിശ്ചയിച്ച് ആയവ ലേലം ചെയ്യുന്നതിനുള്ള തീരുമാനം എടുത്തുവെങ്കിലും ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. .

**<u>ഭരണപരവും വികസനപരവുമായ വിഷയങ്ങൾ</u>**

* ഓഫീസ് ഉത്തരവിലൂടെ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും വിവിധ ജീവനക്കാർക്ക് ഇനം തിരിച്ച് ഏൽപ്പിച്ചു നൽകുകയും പ്രത്യേക സാഹചര്യങ്ങളിൽ ചുമതലകൾ പുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്.

*വാർഷികപദ്ധതിരൂപീകരണത്തിൽ മാർഗ്ഗരേഖാ ഉത്തരവുപ്രകാരമുള്ള പ്രവർത്തനഘട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട്. ലഭ്യമായ കേന്ദ്ര സംസ്ഥാനസർക്കാർ ഗ്രാന്റുകളും ഇതര സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായവും പരമാവധി വകയിരുത്തി വികസനപ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി സർക്കാർ ഗ്രാന്റുകൾ പരമാവധി വിനിയോഗിക്കുന്നതിലും തൃപ്തികരമായ നിയന്ത്രണസംവിധാനം നിലനിൽക്കുന്നുണ്ട്. എന്നാൽ പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗിലും പൂർത്തീകരണത്തിനുശേഷം ലക്ഷ്യപ്രാപ്തി വിലയിരുത്തുന്നതിലും ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

*ദൈനംദിന പണമിടപാടുകൾ സംബന്ധിച്ച രേഖകൾ കൃത്യതയോടെ സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ ചെലവിനാധാരമായ രേഖകൾ സഹിതം ക്രമമായി സൂക്ഷിച്ചിട്ടുണ്ട് കണ്ടിജന്റ് ചെലവുകളുടെയും ആവർത്തന ചെലവുകളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇത്തരം ചെലവുകൾ ബജറ്റ് വകയിരുത്തലിന് വിധേയമായി മാത്രമാണ് നിർവ്വഹിക്കുന്നതെന്ന് നിരീക്ഷിക്കുന്നതിലേയ്ക്കായി ഓരോ ഇനത്തിന്റേയും ബജറ്റ് വകയിരുത്തൽ അതാത് പേജുകളിൽ രേഖപ്പെടുത്തി ഇതുമായി ബന്ധപ്പെട്ട നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്..

*നിർദ്ദിഷ്ട ഫോർമാറ്റിലുള്ള ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പുതുതായി സറണ്ടർ ചെയ്ത് കിട്ടിയിട്ടുള്ള ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ കൂട്ടിച്ചേർത്ത് കാലികമായി പുതുക്കുന്നില്ല. പഞ്ചായത്തിലെ സ്റ്റോക്ക്/സ്റ്റോറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

*മുൻ വാർഷികപദ്ധതികളിലൂടെ നിരവധി സോളാർ വിളക്കുകളും എൽ.ഇ.ഡി വിളക്കുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതിനനുസൃതമായി തെരുവുവിളക്കുകളുടെ വൈദ്യുതചാർജിൽ കുറവുവന്നിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഓരോ തെരുവ് വിളക്കുകളുടേയും തരം/ഇനം എന്നിവയുടെ ആധികാരിക വിവരങ്ങളുടെ അഭാവത്തിൽ വൈദ്യുതി ചാർജിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല. യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണോ വൈദ്യുതി ചാർജ് ഒടുക്കുന്നതെന്ന് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് തലത്തിൽ ഇല്ല.

### 1-4 പദ്ധതി അവലോകനം

വിവിധ വിഭവസ്രോതസ്സുകളിൽ നിന്നായി ആകെ 6,89,18,397/- രൂപ വകയിരുത്തി വിവിധ വികസനമേഖലകളിലേക്കായി ആവിഷ്കരിച്ച 174 പ്രോജക്ടുകൾ ഉൾപ്പെടുന്ന കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷികപദ്ധതി ജില്ലാ ആസൂത്രണസമിതി 15-2-19ലെ നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചിരുന്നു. കൂടാതെ അങ്കണവാടി ജീവനക്കാർക്ക് അധികവേതനം അനുവദിക്കുന്നതിനായും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള രണ്ട് പ്രോജക്ടുകൾക്ക് ഉൾപ്പെടെ 6,91,77,897/- രൂപയാണ് വാർഷികപദ്ധതിയുടെ ആകെ അടങ്കൽ. പദ്ധതി ആസൂത്രണം മുതൽ പൂർത്തീകരണം വരെയുള്ള വിവിധ ഘട്ടങ്ങളിലെ പ്രവർത്തനവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണവും രൂപീകരണവും

പദ്ധതി ആസൂത്രണവും രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. 2018-19-ലെ തുടർന്നുള്ള ഘട്ടങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| സമയം /തീയതി | പ്രവർത്തനഘട്ടം |
|---|---|
| 12-2-18 | വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെ യോഗം |
| 24-2-18 | ഗ്രാമസഭാ കോ-ഓർഡിനേറ്റർമാരുടെ യോഗം |
| 9-3-18 | സ്റ്റിയറിംഗ് കമ്മിറ്റിയോഗം |
| 3/18 | പദ്ധതി രൂപീകരണ ഗ്രാമസഭ |
| 4-4-18, | വികസനസെമിനാർ |
| 27-518, 4-11-18, 2-2-19, 10-2-19 | വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഗ്രാമസഭായോഗങ്ങൾ |
| തീയതി രേഖപ്പെടുത്തിയിട്ടില്ല | ഗ്രാമസഭാ കോ-ഓർഡിനേറ്റർമാരുടെയും അങ്കണവാടി ടീച്ചർമാരുടേയും യോഗം |
| 23-7-18 | നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം |
| 31-7-18 | കരാറുകാരുടെ യോഗം |
| 4-9-18 | നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം |

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 2018 മാർച്ച് 18 മുതൽ 26 വരെയുള്ള വിവിധ തീയതികളിൽ ചേർന്നു. ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ 4-4-2018-ൽ കൂടിയ

വികസനസെമിനാറിൽ വച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി 2018-19 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 4.5.18ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി (തീരുമാനം നം-6 ).

**പദ്ധതിനിർവ്വഹണം**

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 20 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 145 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി ആകെ 49011235/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതിച്ചെലവ് 70.85% മാത്രമാണ്.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരംലഭിച്ച/ നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 / 5 | 3381750 | 2028350 | |
| വെറ്ററിനറി സർജൻ | 4 / 4 | 2855000 | 1220000 | |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 2 / 3 | 858000 | 776802 | |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 / 1 | 200000 | 200000 | |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 / 2 | 593000 | 593000 | |
| വി.ഇ.ഒ. | 13 /15 | 22423794 | 15609856 | |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 6 / 6 | 4214600 | 3913303 | |
| ഡി.ഇ.ഒ. | 2 / 2 | 700000 | 700000 | |
| സെക്രട്ടറി | 16 / 19 | 5655201 | 4139529 | |
| അസിസ്റ്റന്റ് എൻജിനീയർ | 83 / 106 | 24911347 | 16782070 | |
| ഹെഡ്മാസ്റ്റർ | 4 / 6 | 1254505 | 1208185 | |
| അസിസ്റ്റന്റ് സെക്രട്ടറി | 7 / 7 | 2130700 | 1840140 | |
| ആകെ | 145 / 176 | 69177897 | 49011235 | 70.84 |

*വാർഷികപദ്ധതിയിൽ ആവിഷ്ക്കരിച്ച 176 പ്രോജക്ടുകളിൽ 145 എണ്ണവും നടപ്പാക്കി.

*പഞ്ചായത്ത് ഓഫീസിൽ സോളാർ സംവിധാനം ഏർപ്പെടുത്തുന്നതിനായി 2017-18-വർഷം ആരംഭിച്ച പ്രോജക്ട് പൂർത്തിയാക്കിയതിലൂടെ വൈദ്യുതി ഇല്ലാത്ത ദിവസങ്ങളിലും ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നില്ല

*റോഡിതരസംരക്ഷണഗ്രാന്റ് 3 ലക്ഷത്തിളധികം രൂപ ചെലവഴിച്ച് ശിശുവികസനമേഖലയിൽ നടപ്പാക്കിയ വിവിധ അങ്കനവാടികൾക്ക് ബേബിഫ്രണ്ട്ലി പെയിന്റിംഗ് എന്ന പ്രോജക്ട് നല്ലരീതിയിൽ പൂർത്തീകരിച്ചിട്ടുള്ള ആകർഷകമായ പ്രോജക്ടാണെന്ന് ഭൗതീകപരിശോധനയിൽ ബോധ്യപ്പെട്ടു.

* ശുചിത്വമേഖലയിൽ മാലിന്യസംസ്കരണം ലക്ഷ്യമാക്കി 15 ലക്ഷത്തിലധികം രൂപ വകയിരുത്തി അംഗീകാരം ലഭിച്ചതും തൻവർഷം നടപ്പാക്കാതിരുന്നതുമായ പ്രോജക്ട് പഞ്ചായത്ത്കമ്മിറ്റിയുടെ

തീരുമാനപ്രകാരമല്ലാതെ ഉപേക്ഷിച്ചതായി കാണുന്നു.

* ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയെങ്കിലും പദ്ധതികൾ ലക്ഷ്യം നേടിയിട്ടുണ്ടോയെന്ന് വിലയിരുത്താനായിട്ടില്ല.

*വിവിധ അങ്കണവാടികളുടെ കുഴൽക്കിണർ നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിക്ക് ഫണ്ട് കൈമാറിയെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

* വിദ്യാഭ്യാസമേഖലയിൽ വേണ്ടത്ര മുന്നൊരുക്കമോ ശരിയായ ആസൂത്രണമോ കൂടാതെ നടപ്പാക്കിയ സ്കൂൾകുട്ടികൾക്ക് ഇംഗ്ലീഷ് കോച്ചിംഗ്, കായികപരിശീലനം നൽകൽ എന്നീ പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തിയിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകൾ -ചുമതലകൾ കൃത്യമായി നിറവേറ്റുന്നില്ല.</u>

13-ാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. ഇതനുസരിച്ച് 2018-19 വാർഷികപദ്ധതിയുടെ ഭാഗമായി പുന:സംഘടിപ്പിക്കപ്പെട്ട വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി സ്റ്റാറ്റസ് റിപ്പോർട്ടും കരട് നിർദ്ദേശങ്ങളും പദ്ധതികളുടെ നിർദ്ദേശങ്ങളും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെങ്കിലും, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക, അവലോകനറിപ്പോർട്ട് തയ്യാറാക്കുക തുടങ്ങിയ നിയമാനുസൃതമായതും പ്രധാനപ്പെട്ടതുമായ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

### 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.19 തീയതിയിൽ 3.30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13400/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.04.19 | 02/19 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.08.16- 20.08.16 | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ (എച്ച്.ക്യു)-II/8 എ -2491/2012 തീയതി 07.10.16 |

### 1-7 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 26-4-19-ലെ 4-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2018-19 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 5770989/- രൂപയും തൻവർഷ വരവ് 82381078/- രൂപയും തൻവർഷചെലവ് 63400841/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 24751226/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 108266422/- രൂപയും ആകെ ചെലവ് 108185108/- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ

വരുമാനമായി കണക്കാക്കിയ 353741/- രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തന നഷ്ടം 272427/- രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.19 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 57530374/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 43277134/- രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 14253240.10/- രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26-7-11-ലെ ജി.ഒ(എം.എസ് ) 152/11-ലെനിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

3)വസ്തുനികുതിയുടെ വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡി.സി.ബി.തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.( ഷെഡ്യൂൾ I-16).

5)ബാലൻസ് ഷീറ്റിൽ 'state Govt Cess/Levies in property tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശിക തുകയുടെ നിശ്ചിത നിരക്കുമായി പൊരുത്തപ്പെടുന്നില്ല.

6) ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ ബ്ലോക്ക് വിഹിതത്തിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല.

### 1-8 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

ദീർഘകാലമായി ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ പഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ടിന്റെ വിവരം | ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക | റിമാർക്സ് |
|---|---|---|---|
| 1 | കാണക്കാരി ജില്ല സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് അക്കൗണ്ട് നം.6271 | 29366/-<br>(30.11.2019 തീയതിയിൽ)<br>10/04/2012 മുതൽ ഇടപാടുകളില്ല | എം എൻ ലക്ഷംവീട് പദ്ധതി അക്കൗണ്ട് |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ട് നം 67037554267 | 128,931/-(30.11.2019 തീയതിയിൽ)<br>28/08/10 മുതൽ ഇടപാടുകളില്ല | എസ് എസ് എ അക്കൗണ്ട് |

നിലവിൽ നിഷ്ക്രിയമായി തുടരുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും അവശേഷിക്കുന്ന തുക അതത് ഫണ്ടിംഗ് ഏജൻസിക്കു തിരികെ നൽകേണ്ടതുമാണ്. വിവിധ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ നിഷ്ക്രിയമായി തുടരുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-9 വസ്തുനികുതിപരിഷ്കരണം -അടിസ്ഥാനനികുതിനിരക്കുകൾ വിജ്ഞാപനം ചെയ്തതിലെ പിഴവ് - സർക്കാർ

**അംഗീകാരം ലഭിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 15.10.2011 ലെ IV(1)-ാം നമ്പർ തീരുമാനപ്രകാരം വിവിധങ്ങളായ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് പ്രാഥമികമായി നിശ്ചയിക്കുകയും പ്രസ്തുത നിരക്കുകൾ പ്രസിദ്ധം ചെയ്ത് പൊതുജനങ്ങളിൽ നിന്ന് ആക്ഷേപം ക്ഷണിക്കൽ ഉൾപ്പടെയുള്ള നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19.12.2011 ലെ 4-ാം നം.തീരുമാനപ്രകാരം അന്തിമമായി പ്രാബല്യത്തിൽ വരുത്തേണ്ട നിരക്കുകൾ നിശ്ചയിക്കുകയും ചെയ്തിരുന്നു. എന്നാൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി തയ്യാറാക്കിയ നോട്ടീസിൽ വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് കമ്മറ്റി അന്തിമമായി നിശ്ചയിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് കാണിക്കുകയും പ്രസ്തുത നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തതിനാൽ നികുതി ഇനത്തിലുള്ള വരവിൽ ഭീമമായ നഷ്ടമുണ്ടായതായും ഗ്രാമപഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ചിരുന്ന ശരിയായ നിരക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തോടു കൂടി വിജ്ഞാപനം പുതുക്കി പ്രസിദ്ധം ചെയ്ത് എല്ലാ വിഭാഗം കെട്ടിടങ്ങളുടെയും നികുതി നിർണ്ണയത്തിലുണ്ടായ നഷ്ടം കണക്കാക്കി തുക ഈടാക്കി ഓഡിറ്റിൽ രേഖാമൂലം വിവരം അറിയിക്കേണ്ടതാണെന്നും 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2ൽ നിരീക്ഷിച്ചിരുന്നു. എന്നാൽ നിലവിൽ ഈടാക്കി വരുന്ന നികുതി നിരക്കിന് സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായി 12.02.2018ലെ കമ്മറ്റി തീരുമാനിക്കുകയും 19/04/18ൽ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. സർക്കാർ അംഗീകാരം ലഭിക്കാത്ത പക്ഷം തുടർ നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-10 വസ്തു നികുതി കുടിശ്ശിക

വസ്തുനികുതിയിനത്തിൽ 31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റെസിഡെൻഷ്യൽ (കറണ്ട്) | 728081 |
| 431100102 | റെസിഡെൻഷ്യൽ (അരിയർ) | 541059 |
| 431100103 | നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 384593 |
| 431100104 | നോൺ റെസിഡെൻഷ്യൽ (അരിയർ) | 216054 |
| ആകെ | | 1869787 |

വസ്തുനികുതി സോഫ്റ്റ്‌വെയറായ സഞ്ചയ ഡി.സി.ബി. പരിശോധിച്ചതിൽ കുടിശ്ശിക 1576812 രൂപ ആണ്. വസ്തുനികുതി കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഈ ഇനങ്ങളിലെ തുകകൾക്ക് വാർഷിക കണക്കുമായുള്ള വ്യത്യാസത്തിനു കാരണം എന്നിവ രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.4/18.12.19) ക്യാമ്പ് കളക്ഷൻ നടത്തി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി വിവിധ ഡിമാന്റുകൾ പ്യൂരിഫിക്കേഷൻ നടപടിയിലൂടെ പരിഷ്കരിച്ചതിനാലാണ് സാംഖ്യ സഞ്ചയ കണക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായും ഈടാക്കേണ്ടതാണ്.

## 1-11 വസ്തുനികുതി അപാകതകൾ

1.ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനയ്ക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതാണ്. താഴെപറയുന്ന ഹാളുകൾ വിവാഹാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി മാര്യേജ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ ഈ കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി ഈടാക്കിയിട്ടില്ല.

1. സെന്റ് മേരീസ് ചർച്ച് ഹാൾ കളത്തൂർ
2. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഹാൾ കാളികാവ്
3. സെന്റ് മേരീസ് ചർച്ച് ഹാൾ വേദഗിരി
4. സെന്റ് തോമസ് ചർച്ച് ഹാൾ രത്നഗിരി
5. വെമ്പള്ളി ദേവിക്ഷേത്ര ഓഡിറ്റോറിയം

നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.22/22.12.19) നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു.

ടി ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി സ.ഉ(എം.എസ് )നം.20/2011,04.01.2011-ന്റെ അടിസ്ഥാനത്തിൽ ഇവയ്ക്ക് ബാധകമായ നിരക്കിൽ കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാവാതിരിക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്വകാര്യ ഹോസ്റ്റലുകളുടെ വസ്തുനികുതി ഒഴിവാക്കി

താഴെപറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കാൻ ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനിച്ചിരുന്നു (തീരുമാനം-4/02/19 ലെ അജണ്ട 4 തീരുമാനം-b).

| കെട്ടിടനം | ഉടമസ്ഥൻ | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 8/491 | പ്രസിഡന്റ്, സ്ത്രീജനസഖ്യം | താഴത്തെ നില-437m2<br>ഒന്നാം നില- 451m2<br>ആകെ-888m2 | സ്വകാര്യ ഹോംസ്റ്റേ |
| 13/21 | മദർ സുപ്പീരിയർ സെന്റ് തോമസ് കോൺവെന്റ് | സെല്ലാർ-294.67m2<br>താഴത്തെ നില-140.67m2<br>ഒന്നാം നില-140.67<br>ആകെ-576.01m2 | ഹോസ്റ്റൽ |

മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കാനുള്ള സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.23/20.12.19) ക്രമ നമ്പർ 1-ൽ പരാമർശിക്കുന്ന കെട്ടിടത്തിൽ അനാഥരായ ആളുകൾ സൗജന്യമായി താമസിക്കുന്നതിനാൽ കേരളപഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 1 ഡി

പ്രകാരമാണ് ഒഴിവാക്കിയതെന്നറിയിച്ചു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ 25 അന്തേവാസികളെ പ്രവേശിപ്പിക്കുന്നതിനാണ് ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജിന് അനുമതി ലഭിച്ചത് എന്ന് കാണുന്നു. 888m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം പുന:പരിശോധിച്ച് ഇളവിനുള്ള അർഹത ഉറപ്പുവരുത്തേണ്ടതാണ്. ക്രമ നമ്പർ 2 ൽ പരാമർശിക്കുന്ന കെട്ടിടം സെന്റ് തോമസ് യു പി സ്കൂൾ കുറുമുള്ളൂർ എന്ന എയ്ഡഡ് സ്കൂളിന്റെ കെട്ടിടമായതിനാലാണ് നികുതി ഇളവ് അനുവദിച്ചത് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

3.ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കാത്തത്

ശ്രീ. കെ. ജി. ചന്ദ്രശേഖരൻ കളപ്പുരയ്ക്കൽ കാണക്കാരി എന്ന ആളുടെ 249 m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന് (15/447A) വാണിജ്യാവശ്യത്തിനുള്ള 100 m2 വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റ് എന്നിവയ്ക്ക് ബാധകമായ 30/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 m2 മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റ് എന്നിവയ്ക്ക് ബാധകമായ നിരക്ക് 50 രൂപയാണ്. ടി നിരക്കിൽ നികുതി നിർണ്ണയിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.29/21.12.19) അപാകത പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. 2013-14 വർഷം നികുതി നിർണ്ണയിച്ച ടി കെട്ടിടത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-12 കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നതെങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. പെർമിറ്റ് രജിസ്റ്റർ പേജ് 65 മുതൽ 67 വരെ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. പെർമിറ്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പിലെ അപാകത മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും പരിഹാരനടപടികൾ സ്വീകരിച്ചിട്ടില്ല.

രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ കെട്ടിടനിർമ്മാണ അപേക്ഷയിന്മേലുള്ള തുടർനടപടി, ഫയലുകൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് സംബന്ധിച്ച വിവരങ്ങൾ, കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കുന്നുണ്ടോയെന്ന വിവരം എന്നിവ അറിയുവാൻ സാധിക്കുന്നില്ല. നികുതിനിർണ്ണയം നടത്തിയ തീയതി, വാർഡ് നം. എന്നിവ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളെല്ലാം പണിപൂർത്തീകരിച്ച് നികുതി നിർണ്ണയം നടത്തുന്നുണ്ടോയെന്നും ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ അപേക്ഷ ലഭിച്ച് കാലാവധിക്കുള്ളിൽ പെർമിറ്റ് നൽകാത്തവയുടെ കാര്യത്തിലുള്ള തുടർനടപടികളുടെ വിവരങ്ങളും മറ്റ് ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിന് അയയ്ക്കുന്ന ഫയലുകളുടെ തുടർ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല. കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്താത്തതിനാൽ ഫീസ് കൃത്യമായി ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിൽ ക്രമവൽക്കരണത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും മേൽ അപാകതകൾ പരിഹരിച്ച് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതുമാണ്.

### 1-13 സഞ്ചയ സോഫ്റ്റ്വെയറിലൂടെ വസ്തുനികുതി നിർണ്ണയ അപാകതകൾ - പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് അന്തിമമാക്കുന്നത് സംബന്ധിച്ച് 23.01.2018 ലെ സി13-6865/11-ാം നം സർക്കുലർ പ്രകാരം മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഓരോ കെട്ടിടത്തിന്റെയും യഥാർത്ഥ വിവരങ്ങൾ ഫോറം നമ്പർ-6, നികുതിനിർണ്ണയ രജിസ്റ്ററുകൾ, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ വിശദമായി പരിശോധിച്ച് ഡാറ്റാ ബേസ് ശുദ്ധീകരിക്കേണ്ടതുണ്ടെന്നും ഇത് സംബന്ധിച്ച് യഥാർത്ഥ കെട്ടിടവിശദാംശങ്ങൾ ലഭ്യമല്ലെങ്കിൽ വിശദമായി സ്ഥല/കെട്ടിട പരിശോധന നടത്തിയോ അദാലത്തുകൾ സംഘടിപ്പിച്ചോ യഥാർത്ഥ വിവരങ്ങൾ ശേഖരിക്കേണ്ടതും സഞ്ചയ ഡാറ്റാ ശുദ്ധീകരണ നടപടികൾ അടിയന്തിരമായി എല്ലാ ഗ്രാമപഞ്ചായത്തുകളും പൂർത്തീകരിക്കേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പൂർണ്ണമായും പാലിച്ചല്ല പ്യൂരിഫിക്കേഷൻ നടപടികൾ നടന്നത് എന്ന് വ്യക്തമാകുന്നു.

ഗ്രാമപഞ്ചായത്തിലെ 8462 കെട്ടിടങ്ങളിൽ 8459 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ അപാകതകളുടെ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച റിപ്പോർട്ടിൽ കാണുന്നു . ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ശ്രീ. കെ. ജി. ചന്ദ്രശേഖരൻ കളപ്പുരയ്ക്കൽ കാണക്കാരി എന്ന ആളുടെ 249 m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന് (15/447A) വാണിജ്യാവശ്യത്തിനുള്ള 100 m2 വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റ് എന്നിവയ്ക്ക് ബാധകമായ 30/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 m2 മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റ് എന്നിവയ്ക്ക് ബാധകമായ നിരക്ക് 50/- രൂപയാണ്.

2.നികുതി ഇളവുകൾ നൽകിയ കെട്ടിടങ്ങളിലെ ഫോം 6 ൽ സ്വകാര്യ ഹോസ്റ്റലുകൾ എന്നാണ് രേഖപ്പെടുത്തിയത് (വിശദാംശങ്ങൾക്ക് 1-11(2) കാണുക).

ഇതിൽ നിന്നും സഞ്ചയയിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടില്ല എന്ന് വ്യക്തമാകുന്നു. അപാകതകൾ കണ്ടെത്തേണ്ടതും ഡേറ്റാബേസ് പൂർണ്ണവും കുറ്റമറ്റതുമാക്കേണ്ടതുമാണ്.

### 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2018-19 സാമ്പത്തിക വർഷം വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ | 1 |
| 2 | വിവേകാനന്ദ പബ്ലിക് സ്കൂൾ | 1,2 |
| 3 | ഹോട്ടൽ ട്രീറ്റ് ലാന്റ് | 2 |

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/19.12.19) പ്രസ്തുത ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-15 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്തുനോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഫൂട്ട് സ്റ്റെപ്പ് ഇൻഡസ്ട്രീസ് | 10 |
| 2 | പാം ഇൻഡസ്ട്രീസ് | 6 |
| 3 | പോപ്പുലാർ മോട്ടോർ കോപ്പറേഷൻ ജെ.സി.ബി ഡിവിഷൻ | 9 |
| 4 | മുണ്ടക്കൽ റബ്ബേഴ്സ് | 10 |
| 5 | എ വൺ ഫുഡ് പ്രോഡക്ട് | 6 |
| 6 | സെന്റ് മേരീസ് മാച്ച് വർക്സ് | 9 |
| 7 | സോയൂസ് ഏജൻസീസ് | 7 |
| 8 | ജോസ്കോ ഫുഡ് ഇൻഡസ്ട്രീസ് | 10 |
| 9 | വടക്കൻ ആൻറ് കമ്പനി | 9 |
| 10 | എ&എൻ ടെക്നോളജീസ് | 10 |
| 11 | അൽസാനിയ ഫാമിലി റസ്റ്റോറന്റ് | 9 |

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/19.12.17) പ്രസ്തുത സ്ഥാപനങ്ങളിലെ സ്റ്റാഫ് ലിസ്റ്റ്, ശമ്പളം എന്നിവ ആവശ്യപ്പെട്ട് കത്ത് നൽകിയതാണെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്..

### 1-16 ലൈസൻസ് നൽകൽ-- ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17-ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പുകൾ പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടങ്ങൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നാക്കി ഭേദഗതി ചെയ്തിട്ടുമുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ

നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000/- രൂപയിൽ നിന്നും 15000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് അനുവദിക്കൽ ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് ഓഡിറ്റിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.
2. പുതുക്കിയ ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും 2018-19 സാമ്പത്തിക വർഷം വിറ്റുവരവിന് ആനുപാതികമായാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/19.12.19) പുതിയ രീതിയിലുള്ള അപേക്ഷകൾ ലഭ്യമാക്കുന്നതിന് ഗ്രാമ ലക്ഷ്മി മുദ്രാലയവുമായി രണ്ട് തവണ ബന്ധപ്പെട്ടെങ്കിലും അപേക്ഷകൾ ലഭ്യമാകാത്തതിനാലാണ് പഴയ നിരക്കുകൾ പ്രകാരം തുക ഈടാക്കിയതെന്നും 08.03.19 ലെ 3/1 നമ്പർ തീരുമാന പ്രകാരം 2019-20 മുതൽ പുതിയ നിരക്കിൽ ഫീസ് വാങ്ങുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ലൈസൻസ് അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ എല്ലാ അപേക്ഷകളിന്മേലും സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി ഒപ്പ് വച്ച് അധികൃതമാക്കുകയും ചെയ്യേണ്ടതാണ്.

## 1-17 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിക്കുന്നു. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ലൈസൻസോടെ മാത്രം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-18 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, ഇത് സംബന്ധമായ ഭേദഗതി ചെയ്യപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ

അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ കാണക്കാരി ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷം കാണക്കാരി ഗ്രാമപഞ്ചായത്തിൽ 312 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| **കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം** | **എണ്ണം** |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 695 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 56 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലെക്സ് | 4 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 39 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 4 |
| ഓഫീസ് ആവശ്യം | 93 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 66 |
| ഇതര വ്യവസായാവശ്യത്തിനുള്ളവ | 116 |
| **ആകെ എണ്ണം** | **1073** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 1073 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 312 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-19 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം കാണക്കാരിഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ

ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. സർക്കുലർ നിർദ്ദേശം പാലിച്ച് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിലേക്ക് മുൻവർഷങ്ങളിലുൾപ്പെടെയുള്ള ടെൻഡർ ഫീ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 മരാമത്തുവേലകൾ- മിച്ചംവന്ന നിർമ്മാണസാമഗ്രികൾ ലേലം ചെയ്തിട്ടില്ല

വിവിധ മരാമത്ത് വേലകളുടെ നിർവ്വഹണത്തിന് ശേഷം മിച്ചം വന്ന നിർമ്മാണ സാമഗ്രികൾ ലേലം ചെയ്യുന്നതിലേക്കായി വാല്യുവേഷൻ എടുക്കുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുകയും വാല്യുവേഷൻ എടുത്തതിനു ശേഷം ലേലം ചെയ്യുന്നതിന് സെക്രട്ടറിയേയും പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തി (7-1-19 അജണ്ട 7 തീരുമാനം-1). പ്രസ്തുത തീരുമാനത്തിൻമേലുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നം-8/18-12-19) ലഭ്യമാക്കിയ മറുപടിയിൽ വാല്യുവേഷൻ എടുത്തുനൽകുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് കത്ത് നൽകിയെങ്കിലും വാല്യുവേഷനെടുത്ത് നൽകിയിരുന്നില്ലെന്നും ഓഡിറ്റ് പരാമർശത്തെ തുടർന്ന് വീണ്ടും കത്ത് നൽകിയിട്ടുള്ളതായും മറുപടി ലഭ്യമാക്കി. എന്നാൽ ഇപ്രകാരം കത്ത് നൽകിയിരുന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള നിർമ്മാണസാമഗ്രികളുടെ വാല്യുവേഷൻ ലഭ്യമാക്കി ആയവ ലേലം ചെയ്യുന്നതിനുള്ള പഞ്ചായത്ത്കമ്മിറ്റി തീരുമാനം അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

## 1-21 ജി.എസ്.റ്റി ഇനത്തിൽ തെറ്റായ ലോഗിനിൽ അടവാക്കിയ 30192/-രൂപ തിരികെ ലഭിച്ചിട്ടില്ല

ടെൻഡർ ഫീ, വാടക എന്നീ വരവിനങ്ങൾക്കൊപ്പം ജി.എസ്.റ്റി ഇനത്തിൽ ഈടാക്കിയ തുക tax payer എന്ന ലോഗിനിൽ അടയ്ക്കേണ്ടതിനു പകരം തെറ്റായി tax deductor എന്ന ലോഗിനിൽ ആണ് അടവാക്കിയിരുന്നത്. 8/2017 - 4/2018 വരെയുള്ള കാലയളവിൽ കളക്ട് ചെയ്തിരുന്ന തുകയാണ് ഇപ്രകാരം അടവാക്കിയിരുന്നത്. ശരിയായ ലോഗിനിൽ അടയ്ക്കാതിരുന്നതിനാൽ റിട്ടേൺ ഫയൽ ചെയ്യാൻ സാധിക്കാതെ വന്നതായും 31-3-19-നകം തുക ശരിയായ ലോഗിനിൽ അടവാക്കി റിട്ടേൺ ഫയൽ ചെയ്യുന്നതിനും ആദ്യം അടവാക്കിയ തുക റീഫണ്ട് ചെയ്ത് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തുക ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവുവയ്ക്കുന്നതിനും 19-3-19-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. (അജണ്ട - 2, തീരുമാനം -1) ഇതനുസരിച്ച് ശരിയായ ലോഗിനിൽ തുക അടവാക്കിയെങ്കിലും ആദ്യം അടവാക്കിയിരുന്ന തുക തിരികെ ലഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നമ്പർ- 8/18-2-19) മറുപടിയിൽ നിലവിൽ ശരിയായ ശീർഷകത്തിലാണ് തുക അടവാക്കുന്നതെന്നും ജി.എസ്.റ്റി. റ്റി.ഡി.എസ് ലോഗിനിൽ അടവാക്കിയ തുക റീഫണ്ട് ചെയ്തു ലഭിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടെന്നും ആയതിനാൽ ജി.എസ്.റ്റി റ്റി.ഡി.എസ്. ഇനത്തിൽ 2019-20 വർഷം പഞ്ചായത്തിൽ നിന്നും അടവാക്കേണ്ട തുകയിൽ പ്രസ്തുത തുക ക്രമീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. മറുപടിയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ആദ്യം അടവാക്കിയ തുക ക്രമീകരിച്ച് ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 ഫണ്ട് കൈമാറി 4വർഷം കഴിഞ്ഞിട്ടും കുടിവെള്ള കണക്ഷനുവേണ്ടിയുള്ള പ്രോജക്ട് നടപ്പായിട്ടില്ല

എസ്.സി. കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് 2014-15ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി കടുത്തുരുത്തി ഡിവിഷനിൽ 1-2-15-ൽ 4,74,000/-

രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത പദ്ധതി നടപ്പായിട്ടില്ല. കൈമാറിയ പദ്ധതിത്തുക വാട്ടർ അതോറിറ്റി കടുത്തുരുത്തി ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഇപ്പോഴും നിലനിൽക്കുകയാണ്. പ്രസ്തുത കുടിവെള്ളപദ്ധതിയുടെ ജലസ്രോതസ്സായ കാണക്കാരി കുടിവെള്ള പദ്ധതിയുടെ കുഴൽക്കിണറിൽ ജലം ലഭ്യമാകാത്തതിനാലാണ് പദ്ധതി നടപ്പാകാതിരുന്നതെന്ന് ഇത് സംബന്ധിച്ച് വാക്കാൽ അറിയിക്കുകയുണ്ടായി.

പ്രസ്തുത പദ്ധതി നടപ്പാകാതിരുന്ന സാഹചര്യം വ്യക്തമാക്കിക്കൊണ്ട് നിക്ഷേപത്തുകയുടെ വിനിയോഗം സംബന്ധിച്ച് പഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കാൻ വാട്ടർഅതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത തുക വിനിയോഗിച്ച് രത്നഗിരി കുടിവെള്ള വിതരണടാങ്ക്, വേദഗിരിടാങ്ക് എന്നിവയുടെ വിതരണപൈപ്പ് ലൈനിൽനിന്നും പഞ്ചായത്തിലെ എസ്.സി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്നതിനും ആയതിനുള്ള ലിസ്റ്റ് സഹിതം വിവരം വാട്ടർ അതോറിറ്റിയെ രേഖാമൂലം അറിയിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു (30-7-18 അജണ്ട -5 തീരുമാനം-1).

ഈ വിഷയത്തിൽ പഞ്ചായത്ത്കമ്മിറ്റിയുടെ തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിവരം രേഖാമൂലം ആവശ്യപ്പെട്ടതിനെ തുടർന്ന് (എൻക്വയറി നം.8/18-2-19) 19-12-18-ൽ മറുപടി ലഭ്യമാക്കുകയുണ്ടായി. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 9-8-18-ൽ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിരുന്നെങ്കിലും നടപടികളുണ്ടാകാത്തതിനാൽ 21-11-19-ൽ ഓർമ്മക്കുറിപ്പ് നൽകിയതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കത്തിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിരുന്നില്ല. കൂടാതെ കടുത്തുരുത്തി എം.എൽ.എ-മുഖാന്തിരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഈ വിഷയത്തിൽ നടപടികളുണ്ടാകുന്നതിന് സമ്മർദ്ദം ചെലുത്തുന്നുണ്ടെന്നും അറിയിച്ചു.

പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാനാവശ്യത്തിനുവേണ്ടിയുള്ള പ്രോജക്റ്റ് നാളിതുവരെ നടപ്പായിട്ടില്ലാത്ത സാഹചര്യവും ഇതിനുവേണ്ടി കൈമാറിയ സർക്കാർ ഗ്രാന്റ് വിഹിതം പൊതുമേഖലാ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നാലുവർഷത്തിലധികമായി നിലനിൽക്കുന്ന സാഹചര്യവും വളരെ ഗൗരവത്തോടെ കാണുന്നു. മറ്റ് ജലസ്രോതസ്സുകൾ കണ്ടെത്തി പദ്ധതി നടപ്പാക്കാൻ സാധിക്കാത്തപക്ഷം കൈമാറിയ തുക നാളിതുവരെയുള്ള പലിശസഹിതം ഈടാക്കി സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

## 1-23 കന്നുകുട്ടി പരിപാലനം - പദ്ധതി തുക സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു

കന്നുകുട്ടി പരിപാലനത്തിനായി 2018-19 വർഷത്തിൽ നടപ്പാക്കിയ പഞ്ചായത്ത് കന്നുകുട്ടി പരിപാലനം വനിത ഫുൾ കോസ്റ്റ് എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ നടത്തിയ പരിശോധനയിൽ ബിൽ നമ്പർ 4/18-19 തീയതി 25-1-2019 (എൻകാഷ്മെന്റ് തീയതി 20-2-19) പ്രകാരം 250000/- രൂപ വെള്ളാക്കൽ ഇൻഡസ്ട്രീസ് സ്റ്റീൽവെറ്റ് എന്ന സ്ഥാപനത്തിന്റെ 12540100069807 (IFSC CODE – FDRL0001254) അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. അസിസ്റ്റന്റ് ഡയറക്ടർ, കാൽഫ് ഫീഡ് സബ്സിഡി പ്രോഗ്രാം-ന്റെ 708011400000050 (ട്രഷറി അക്കൗണ്ട്) അക്കൗണ്ടിൽ ആയിരുന്നു മേൽതുക ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്നത്. പദ്ധതി നിർവ്വഹണത്തിനായി ലഭ്യമാക്കിയ തുക സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തത് ഗുരുതരമായ ശ്രദ്ധക്കുറവും പിഴവുമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പാളിച്ചമൂലമാണ് ഇപ്രകാരമുള്ള പിഴവുകൾ സംഭവിക്കുന്നത്. തെറ്റായി ക്രെഡിറ്റ് ചെയ്ത തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങളൊന്നും തന്നെ ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. പദ്ധതി തുകയായ 250000/- രൂപ 12/03/2019 ൽ ബന്ധപ്പെട്ട അക്കൗണ്ടിൽ ലഭ്യമായതായി സാക്ഷ്യപ്പെടുത്തുന്ന അസിസ്റ്റന്റ് ഡയറക്ടറുടെ (കാൽഫ് ഫീഡ് സബ്സിഡി പ്രോഗ്രാം) 19/12/2019 ലെ രസീത് ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.9/18.12.19) വിശദമായ മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് വിവിധ പ്രവർത്തനങ്ങൾക്കായി നിർവ്വഹണോദ്യോഗസ്ഥർക്ക് അനുവദിക്കുന്ന തുകകളുടെ വിനിയോഗം സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റിയും മേൽനോട്ടം

നടത്തേണ്ടതാണ്.

### 1-24 തുമ്പൂർമുഴി മോഡൽ എയറോബിക്ക് കമ്പോസ്റ്റിങ്ങ് സംവിധാനം-പ്രോജക്ട് നടപ്പാക്കിയില്ല

മാലിന്യം സംസ്കരിക്കുന്നതിനായി തുമ്പൂർമുഴി മോഡൽ എയറോബിക്ക് കമ്പോസ്റ്റിങ്ങ് സംവിധാനം സ്ഥാപിക്കുന്നതിന് 2018-19 വർഷം 15,04,107/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. അസിസ്റ്റന്റ് എഞ്ചിനിയർക്ക് നിർവ്വഹണചുമതല നൽകിയിരുന്ന ടി പ്രോജക്ട് അക്രഡിറ്റഡ് ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ മുഖേന നടപ്പാക്കാനായിരുന്ന ഉദ്ദേശിച്ചിരുന്നത്. 2018-19 വർഷം ടി പ്രോജക്ട് നടപ്പാക്കിയിട്ടില്ല. പ്രോജക്ടിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/19.12.19) IRTC യുടെ പ്രൊപ്പോസലിൽ 12% അധിക ജി എസ് റ്റിയും 18% മാനേജ്മെന്റ് ചാർജ്ജും ഉൾപ്പെടുത്തിയിരുന്നതിനാലാണ് പ്രോജക്ട് മുന്നോട്ട് നടപ്പാക്കാതെ നിലവിലുള്ള വാർഷികപദ്ധതിയിൽ നിന്ന് ഒഴിവാക്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കി.

മാലിന്യനിർമ്മാർജ്ജനവും സംസ്കരണവും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന കാര്യമാണ്. ആയതിനാൽ മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി തയ്യാറാക്കി സാങ്കേതികാനുമതിയും ലഭിച്ചുകഴിഞ്ഞ പ്രോജക്ട് സ്പിൽ ഓവറായി ഏറ്റെടുക്കാതെ ഉപേക്ഷിച്ച സാഹചര്യം വ്യക്തമല്ല. ഇതിന് പകരമായി മറ്റ് മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഏറ്റെടുത്തതായും കാണുന്നില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-25 ജർമ്മൻ കുടിവെള്ളപദ്ധതി - തുടർനടത്തിപ്പും സംരക്ഷണചുമതലയും ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല

പുതിയതായി കമ്മീഷൻ ചെയ്ത ജർമ്മൻ കുടിവെള്ള പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണചുമതലയും കൈമാറുന്നതിനായി ഗുണഭോക്തൃസമിതിയ തെരഞ്ഞെടുക്കണമെന്നും പദ്ധതിയുടെ വൈദ്യുതചാർജ്ജും മറ്റ് കൈകാര്യചെലവുകളും നടത്തുന്നത് സംബന്ധിച്ച് സമിതിയുമായി കരാറുണ്ടാക്കുവാനും 19-6-18-ലെ പഞ്ചായത്ത്കമ്മിറ്റി തീരുമാനമെടുത്തിരുന്നു (തീരുമാനം നം.8(1). കൂടാതെ കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജിനത്തിലുള്ള 14710/-രൂപ പഞ്ചായത്ത് ഫണ്ടിൽനിന്നും അടവാക്കിയ നടപടിക്ക് സർക്കാരിൽനിന്നും സാധൂകരണം വാങ്ങുന്നതിനും ഇതേ കമ്മിറ്റിയിൽ തീരുമാനമെടുത്തിരുന്നു. കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെയും കറന്റ്ചാർജ് അടവാക്കിയ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമായതിന്റേയും രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/18-2-19) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതി തീരുമാനപ്രകാരം കരാർ വയ്ക്കുന്നതിന് ഗുണഭോക്തൃസമിതിക്ക് കത്ത് നൽകിയിരുന്നെങ്കിലും ഗുണഭോക്താക്കൾ തമ്മിലുള്ള തർക്കം കാരണം കരാർ ചമയ്ക്കാൻ സാധിച്ചില്ലെന്നും ഇതിനിടയിൽ 12/2018 വരെയുള്ള ബിൽ തുക അടയ്ക്കുന്നതിന് കെ.എസ്.ഇ.ബി. കത്ത് നൽകിയതായും മറുപടി ലഭ്യമാക്കി. തുടർന്ന് തുക അടവാക്കാതിരുന്ന സാഹചര്യത്തിൽ കുടിവെള്ളവിതരണം മുടങ്ങിയപ്പോൾ ജനങ്ങൾ പ്രക്ഷോഭം നടത്തിയ സാഹചര്യത്തിലാണ് 14710/-രൂപ അടവാക്കിയതെന്നും പിന്നീട് തുകയൊന്നും അടവാക്കിയിട്ടില്ലെന്നും 1/2019 മുതൽ സമിതിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്നും ടി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും സംബന്ധിച്ച് 1/2019-ൽ സമിതിയുമായുണ്ടാക്കിയ കരാറിന്റെ രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയില്ല.

**തുടർചെലവുകൾക്കായി പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമായിട്ടില്ല.**

പദ്ധതിയുടെ കറന്റ് ചാർജ്, റിപ്പയറിംഗ് എന്നീ ഇനങ്ങളിലായി ചുവടെ ചേർക്കും പ്രകാരം 32649/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

| തുക | ചെക്ക്നം. | ഉദ്ദേശ്യം |
|---|---|---|
| 14710 | 28238/13-6-18 | കറന്റ്ചാർജ് |

| | | |
|---|---|---|
| 5493 | 28784/17-10-18 | ,, |
| 7446 | 28825/10-1218 | ,, |
| 5000 | 28853/5-1-19 | കേടായ പൈപ്പ് ലൈൻ റിപ്പയർ |
| ആകെ 32649/- | | |

സംസ്ഥാന ആസൂത്രണബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്ന കുടിവെള്ള പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണചുമതലയും ഗുണഭോക്തൃ സമികൾക്കാണ്. പ്രസ്തുത വിവരം പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണമെന്ന് പദ്ധതിമാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിക്കുന്നുമുണ്ട്. പഞ്ചായത്ത് പൂർത്തിയാക്കിയ ജർമ്മൻ കുടിവെള്ള പദ്ധതിയുടെ തുടർ നടത്തിപ്പിനും സംരക്ഷണത്തിനുമായി ഗുണഭോക്തൃസമിതിയെ തെരഞ്ഞെടുത്ത് സമിതിയുമായി നിയമാനുസരണം കരാർ ചമയ്ക്കേണ്ടതും കുടിവെള്ളപദ്ധതി സമിതിക്ക് കൈമാറേണ്ടതുമാണ്. കുടിവെള്ള പദ്ധതികളുടെ കാര്യക്ഷമമായ തുടർ നടത്തിപ്പ് ഏറ്റെടുക്കാൻ കഴിയുന്നവിധം ഗുണഭോക്തൃഗ്രൂപ്പുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സ്വയംപര്യാപ്തത കൈവരിക്കേണ്ടതാണ്. കൂടാതെ കുടിവെള്ളപദ്ധതിയുടെ കൈകാര്യച്ചെലവിനുവേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച 32,649/- രൂപ തടസ്സപ്പെടുത്തുന്നു. പരിഹാരനടപടികൾ സ്വീകരിക്കേണ്ടതും പരിഹാരനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-26 സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് അനെർട്ടിൽ തുക നിക്ഷേപിച്ചു -പ്രവൃത്തി നടപ്പായില്ല

ഗ്രാമപഞ്ചായത്തിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2014-15 വർഷം അനെർട്ടിൽ 1,19,000/- രൂപ നിക്ഷേപിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തി നാളിതുവരെ നടപ്പാക്കിയില്ല .ടി തുക തൻ വർഷത്തെ വാർഷിക കണക്ക് B-18 ഷെഡ്യൂളിൽ Advance to Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്റെ (നം.11/19.12.19) അടിസ്ഥാനത്തിൽ, അനെർട്ടിൽ അന്വേഷിച്ചതിൽ നിക്ഷേപിച്ച തുക മടക്കി നൽകുകയോ പുതുക്കിയ സബ്സിഡി നിരക്കിൽ സപ്ലൈ ചെയ്യുകയോ ചെയ്യാമെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കിയില്ലെങ്കിൽ നിക്ഷേപിച്ചിരുന്ന തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതും നിശ്ചിത ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്. 2014-15ൽ നിക്ഷേപിച്ച തുക വർഷങ്ങൾക്ക് ശേഷവും നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്ന അവസ്ഥ ഒട്ടുംതന്നെ ആശാസ്യമല്ല. സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ബില്ലിൽ നിന്നും നികുതി വിഹിതങ്ങൾ കുറവ് ചെയ്തില്ല - ഓവർഹെഡ് ചാർജിനത്തിൽ വകയിരുത്തിയ തുക ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകി

| | |
|---|---|
| പ്രോജക്ട് | 127/19 ചെന്തിട്ട കനാൽ റോഡ് മെയിന്റനൻസ് |
| അടങ്കൽ | 300000 |
| ചെലവ് | 290000 BRN- 118002/15/05/18 |
| കൺവീനർ | ജോസ് കെ. എം. |
| എഗ്രിമെന്റ് | 45/AE/LSGD/KNRY/16-17 24/03/17 |

| | |
|---|---|
| അളവ് പുസ്തകം | 45/16-17 |

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നികുതി വിഹിതം അടയ്ക്കുന്നതിനുള്ള തുക ഓവർഹെഡ് ചാർജ്ജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കൺവീനർക്ക് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. മേൽ പ്രവൃത്തിയുടെ വിവിധയിനങ്ങളുടെ ഡേറ്റായിൽ 10% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. 7/2017 ൽ ജി.എസ്.ടി.നിലവിൽ വരികയും കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 1% ആദായനികുതിയും 1% കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത്. നികുതിയിനത്തിൽ 2% തുകയുടെ ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ വകയിരുത്തിയ 8% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. സർക്കുലർ നം.ഡി.ബി3-9058/1/സി.ഇ/എൽ.എസ്.ജി.ഡി തീ:16.3.2018 ൽ ഇത് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. ആദായനികുതി 2% നിരക്കിൽ കുറവ് ചെയ്യാത്തതിനാലും അധികം വകയിരുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്യാത്തതിനാലും വേലമൂല്യത്തിന്റെ 8% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്.

<u>ചെലവ് വിവരം</u>

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 299871 | 299871 |
| കുറയ്ക്കുക-ഐ.ടി (1%) | 2999 | 2999 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 2999 | 2999 |
| ഫൈൻ | 14979 | 14979 |
| ഓവർ ഹെഡ് ചാർജ് (8%) | 23990 | 0 |
| നെറ്റ് തുക | 254904 | 278894 |
| അധികം നൽകിയ തുക | 23990 | |

കൂടാതെ മേൽ പ്രോജക്ടിനായി വാങ്ങിയ ബിറ്റുമിന്റെ പർച്ചേസ് ബിൽ ഫയലിൽ ലഭ്യമല്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.21/20.12.19) അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

അധികം നൽകിയ തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഓഡിറ്റിൽ നിരാകരിച്ച 23,990/- രൂപ കിഴിച്ച് ബാക്കിയുള്ള ചെലവ് തുകയായ 2,66,010/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഒടുക്കിയും മറ്റ് അപാകതകൾ പരിഹരിച്ചും ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-28 കാണക്കാരി വെമ്പള്ളി സ്കൂളിൽ ടോയ്‌ലെറ്റ് നിർമ്മാണം -പരിപാലനത്തിന്റെ അഭാവത്താൽ ഫലപ്രാപ്തിയിലെത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 90/19കാണക്കാരി വെമ്പള്ളി സ്കൂളിൽ ടോയ്‌ലെറ്റ് നിർമ്മാണം |
| നിർവ്വഹണ | അസി.എൻജിനീയർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ (നിർമ്മൽ പുരസ്കാർ) | 250000 |
| ചെലവ് | 239097 |

കാണക്കാരി എൽ പി എസ്, വെമ്പള്ളി യുപിഎസ് എന്നീ സ്കൂളുകളിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനായി 2018-19 വർഷം 2,39,097/- രൂപ ചെലവഴിച്ചിട്ടുണ്ട്. 21/11/2019ൽ നടത്തിയ സ്ഥലപരിശോധനയിൽ കാണക്കാരി സ്കൂളിൽ ടോയ്‌ലെറ്റ് നിർമ്മിച്ചിരിക്കുന്നത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കോമ്പൗണ്ടിലാണ്. കൂടാതെ കെട്ടിടം വാതിൽ ഇളകി ക്ലോസറ്റ് ലീക്കായി ഉപയോഗശൂന്യമായി കാണപ്പെട്ടു. ഹയർ സെക്കന്ററിയുടെ കോമ്പൗണ്ടിലായതിനാലും പരിപാലനത്തിന്റെ അഭാവത്താലും കെട്ടിടം പ്രയോജനക്ഷമമായിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് ടോയ്‌ലെറ്റ് ഉപയോഗപ്രദമാക്കേണ്ടതാണ്.

### 1-29 കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ടെൻഡർ അംഗീകരിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

താഴെപറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടറുകൾ അല്ല അംഗീകരിച്ചത് എന്ന് കാണുന്നു.

| ക്രമ നം. | പ്രോജക്ട് | എസ്റ്റിമേറ്റ് | കുറഞ്ഞ ടെണ്ടർ നൽകിയ കരാറുകാരൻ, നിരക്ക് | അംഗീകരിച്ച ടെണ്ടർ ,നിരക്ക് | നഷ്ടമായ തുക |
|---|---|---|---|---|---|
| 1 | 56/19 കുഴിക്കാട്ടിൽപടി കട്ടുവാക്കുഴി റോഡ് കോൺക്രീറ്റിങ്ങ് | 450000 | ബിജു പീറ്റർ 24.999%below | ജോസഫ് വർഗ്ഗീസ്, 23.9%below | 4946 |
| 2 | 71/19കുതിരക്കാട്ടുമല നെല്ലിപ്പള്ളി റോഡ് ടാറിങ്ങ് | 250000 | ബിജു പീറ്റർ 24.999%below | ജോൺസൺ ജോസ് 23.23%below | 4422 |
| 3 | 108/19കരിവേലിൽ അതിരമ്പുഴ റോഡ് കോൺക്രീറ്റിങ്ങ് | 245000 | ബിജു പീറ്റർ 24.999%below | വി. റ്റി. മാത്യു 22.21%below | 6833 |

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കാത്തതിന്റെ കാരണം ഫയലിൽ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് ടി

വർക്കുകൾക്കായി കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബിജു പീറ്റർ എന്ന കരാറുകാരന് പല തവണ നോട്ടീസ് അയച്ചിട്ടും കരാർ വെക്കാൻ താമസിച്ചതിനാലാണ് തൊട്ടടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചതെന്നറിയിച്ചു. ദർഘാസിനൊപ്പം സമർപ്പിച്ച പ്രാഥമിക കരാർ ലംഘിച്ചതിന് ടിയാൾക്കെതിരെ നിരതദ്രവ്യം മുതൽക്കൂട്ടുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചില്ല. ഇത് മരാമത്ത് നടപടിക്രമങ്ങളുടെ ലംഘനമാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടുകൾ - നടപടിക്രമങ്ങളിൽ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ വെമ്പള്ളി ഗവ.യു.പി.സ്കൂൾ ഹെഡ്മാസ്റ്റർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് ആസൂത്രണത്തിലും നിർവ്വഹണ നടപടിക്രമങ്ങളിലും ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I -

| | |
|---|---|
| പ്രോജക്ട് | S021/18-19- യുപിതലം വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിന് അധികകോച്ചിംഗ് |
| അടങ്കൽ | 237000 (തനതുഫണ്ട്) |
| ആകെ ചെലവ് | 237000 |

II

| | |
|---|---|
| പ്രോജക്ട് | S022/19<br>യു.പി.തലം വരെയുള്ള കുട്ടികൾക്ക് കായികപരിശീലനം |
| അടങ്കൽ | 118500 |
| ആകെ ചെലവ് | 118500 |

1) പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലിൽ കോച്ചിംഗ്/കായികപരിശീലനം നൽകിയ അധ്യാപകരുടെ ഹാജർവിവരവും തുക അനുവദിച്ചതിന്റെ വിവരങ്ങളും മാത്രമേ ലഭ്യമായിട്ടുള്ളൂ. മേൽപ്രോജക്ടിന്റെ ഭാഗമായി നടത്താനുദ്ദേശിച്ചിരുന്ന പഠനപ്രവർത്തനങ്ങളും കായികപരിശീലന പരിപാടികളും വ്യക്തമാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2)ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിലെ കുട്ടികൾ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ടായിരുന്നുവെന്നും കോച്ചിംഗ് ക്ലാസ്സ്/കായികപരിശീലനത്തിന് ഹാജരായിട്ടുള്ള കുട്ടികളുടെ ഹാജർവിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

3)പ്രോജക്ട് നടപ്പാക്കുന്നതിലൂടെ ബന്ധപ്പെട്ട മേഖലകളിൽ കുട്ടികൾ ആർജ്ജിക്കുന്ന കഴിവുകളും ശേഷികളും മനസ്സിലാക്കുന്നതിനും പോരായ്മകൾ കണ്ടെത്തി കൂടുതൽ മെച്ചപ്പെട്ട ബോധനരീതികൾ സ്വീകരിച്ച് തുടർവർഷങ്ങളിലും നടപ്പാക്കുന്നതിനും മറ്റുമുള്ള പ്രവർത്തനഘട്ടങ്ങളൊന്നും പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നില്ല.

4) പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളും പ്രോജക്ട് നടപ്പാക്കിയതിലൂടെ കൈവരിക്കാനായ നേട്ടങ്ങളും വിലയിരുത്തി ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി റിപ്പോർട്ട് സമർപ്പിട്ടില്ല.

മേൽവിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തി, അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടിരുന്നതിന് (എൻക്വയറി നം. 26 /20-12-19) നിർവ്വഹണോദ്യോഗസ്ഥയായ എച്ച്. എം ലഭ്യമാക്കിയ മറുപടിയോടൊപ്പം പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയെങ്കിലും ആയത് പ്രോജക്ട് രൂപീകരണഘട്ടത്തിൽ തയ്യാറാക്കി

ആധികാരികമാക്കിയിട്ടുള്ളതല്ല. മാത്രമല്ല വർക്കിംഗ് ഗ്രൂപ്പ്ചെയർമാൻ മാത്രം സാക്ഷ്യപ്പെടുത്തിയ വിലയിരുത്തൽ റിപ്പോർട്ടാണ് മറുപടിക്കൊപ്പം ഹാജരാക്കിയിട്ടുള്ളത്. ആയത് ശരിയായ നടപടിയല്ല. പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് പ്രോജക്ട് രൂപീകരണഘട്ടത്തിൽത്തന്നെ തയ്യാറാക്കേണ്ടതും ആയതിന്റെ വിവരങ്ങൾ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രോജക്ട് ഫോറത്തിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതുമാണ്.

പൊതുവിദ്യാലയങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്. അതുകൊണ്ട്തന്നെ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം എന്ന സർക്കാർ ദൗത്യത്തിന്റെ വിജയത്തിനായി എല്ലാ പൊതുവിദ്യാലയങ്ങളേയും അക്കാഡമികമായി ഉയർത്തി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും കായികപരവും സർഗ്ഗപരവും മാനസികവുമായ എല്ലാ കഴിവുകളേയും പരിപോഷിപ്പിക്കുന്നതിനും സാധ്യമാകുന്നതരത്തിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും നേട്ടങ്ങൾ/കോട്ടങ്ങൾ വിലയിരുത്തി പരിഹാരബോധനവും തുടർപരിശീലനവും നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതും ചെലവഴിക്കപ്പെടുന്ന തുക പാഴാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-31 എസ്.എസ്.എ.വിഹിതം നൽകൽ- ഡിമാന്റിലധികരിച്ച് 3120/-രൂപ അധികമായി അടവാക്കി

| | |
|---|---|
| പ്രോജക്ട് | 20/19 |
| അടങ്കൽ | 792685 |
| ചെലവ് | 792685 |

തൻവർഷം എസ്.എസ്.എ.വിഹിതമിനത്തിൽ രണ്ട് തവണയായി 792685/- രൂപ ചുവടെ ചേർക്കും പ്രകാരം രണ്ട് തവണയായി എസ്.എസ്.എ. കോട്ടയം ജില്ലാ പ്രോജക്ട് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

| ബിൽനമ്പർ | തുക |
|---|---|
| 1/16-5-18 | 609505 |
| 2/19-3-19 | 183180 |
| ആകെ | 792685/- |

ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എസ്.എസ്.എ.ജില്ലാ പ്രോജക്ട് ഡയറക്ടറുടെ -ലെ 6-3-19-ലെ സി-11/എസ്.എസ്.എ കോട്ടയം /2018 കത്ത്പ്രകാരം ഗ്രാമപഞ്ചായത്ത് അടവാക്കേണ്ട തുക 7,89,565/- രൂപയായിരുന്നു. എന്നാൽ മേൽവിവരിച്ച പ്രകാരം 7,92,685/- രൂപ അടവാക്കിയിട്ടുണ്ട്. 3120/- രൂപ അധികം അടവാക്കിയിട്ടുണ്ട് .

അധികതുക അടവാക്കിയത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം. 31/24-12-19) മറുപടി ലഭ്യമായിട്ടില്ല.

അധികം തുക അടവാക്കിയ വിവരം പ്രോജക്ട് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി അടുത്തവർഷത്തെ അടവാക്കേണ്ട വിഹിതത്തിൽ ക്രമീകരിക്കുന്നതിനോ തുക തിരികെ ലഭിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 കന്നുകുട്ടി പരിപാലനം -രേഖകളുടെ അഭാവത്തിൽ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കന്നുകുട്ടി പരിപാലനത്തിനായി 2018-19 വർഷത്തിൽ 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട് -

| | പ്രോജക്ടിന്റെ പേര് / നമ്പർ | വകയിരുത്തിയ തുക | ചെലവ് | ബിൽ നം. |
|---|---|---|---|---|
| 1 | കന്നുകുട്ടി പരിപാലനം (ക്യാപ്പ്) (വനിത) - 45/18-19 | 2,50,000 | 2,50,000 | 3/18-19/ 20.02.19 |
| 2 | പഞ്ചായത്ത് കന്നുകുട്ടി പരിപാലന വനിത ഫുൾ കോസ്റ്റ് - 52/18-19 | 2,50,000 | 2,50,000 | 4/18-19/ 20.02.19 |
| | ആകെ | 5,00,000 | | |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1)കിടാരികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തിയതിന്റെ വിവരങ്ങൾ

2)പ്രോജക്ടിന്റെ നടത്തിപ്പിനായി ക്ഷീരോൽപാദന സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിയതിന്റെ വിവരങ്ങൾ

3)കാലിത്തീറ്റ വിതരണ രജിസ്റ്റർ.

മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പൂർണ്ണമായും പരിശോധിക്കാൻ സാധിച്ചില്ല. ഇക്കാരണത്താൽ പ്രോജക്ടുനായി ചെലവഴിച്ച 5,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. ബാലൻസ് ഷീറ്റ് ബി 9 പത്രികയിൽ Government and other Dues Payable-Others എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുമുള്ള 26,493/- രൂപ ഈ ഇനത്തിൽ അടവാക്കാനുള്ള തുകയാണ്. തനതുഫണ്ടിലേക്ക് ബാരൽവിലയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള വിവിധ സർക്കാർ ഫണ്ടുകൾ അതാതു ഫണ്ടിനുള്ള നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

## 1-34 സ്കൂളുകൾ, അങ്കണവാടി കെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വ പരിശോധന -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച വാർഷിക പരിശോധന എല്ലാ വർഷവും ഫെബ്രുവരി മാസം 28-ാം തീയതിക്കകം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ പരിശോധന നടത്തി വിദ്യാഭ്യാസ വകുപ്പ് മേധാവികൾക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് (സർക്കുലർ നം. 45713(1)/M3/05/GenEd /dt.10.3.06). തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിലൂടെ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന്

നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലും അങ്കണവാടികളിലും വാർഷിക സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകിയിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ജി.ഒ (ആർ.ടി)2427/2007/ പൊതുവിദ്യാഭ്യാസം തീയതി 01.06.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എഞ്ചിനീയർമാർ ആവശ്യമായ പരിശോധന നടത്തേണ്ടതും കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകേണ്ടതുമാണ്.

### 1-35 ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

| | |
|---|---|
| പ്രോജക്ട് | 38/19 ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് സബ്സിഡി |
| അടങ്കൽ | 500000 |
| ചെലവ് | 500000<br>1.ബിൽ നം- KGP 1/18-19 30.10.18- 317348<br>2..ബിൽ നം- KGP 2/18-19 31.12.18- 82652<br>3. ചെക്ക് നമ്പർ 9909860/20.03.19 -100000 |

മേൽ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 4,00,000/- രൂപയും ബ്ലോക്ക് വിഹിതം 1,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ സംഘങ്ങളിൽ പാൽ അളക്കുന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സബ്സിഡിയുടെ കൃത്യത ഉറപ്പാക്കാനായില്ല.

2. 20.03.19 ലെ ചെക്ക് നമ്പർ 9909860 പ്രകാരം ലഭിച്ച ബ്ലോക്ക് വിഹിതം കാണക്കാരി മിൽക്ക് പ്രൊഡ്യൂസേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തത് (അക്കൗണ്ട് നം-67201667785). തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്ന് ഉറപ്പാക്കാനായില്ല.

| | |
|---|---|
| പ്രോജക്ട് | 4/19 -ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് സബ്സിഡി (വനിത) |
| അടങ്കൽ | 200000വികസനഫണ്ട് |
| ചെലവ് | 200000<br>ബിൽ നം- KGP 3/18-19 31.12.18-183728<br>ബിൽ നം- KGP 4/18-19 30.03.19-16272 |

മേൽ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ സംഘങ്ങളിൽ പാൽ അളക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണ കുറിപ്പിന് വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയത്. എന്നാൽ അന്വേഷണക്കുറിപ്പിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച തുകയുടെ കൃത്യതയും അർഹതയും ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല. പ്രോജക്ട് സംബന്ധിച്ചുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടും ഫയലിൽ ലഭ്യമായിരുന്നില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള 7,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ്

തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ലൈഫ് മിഷൻ (ഫേസ് 1)- ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

കാണക്കാരി ഗ്രാമ പഞ്ചായത്തിൽ ലൈഫ് പദ്ധതി ആരംഭിച്ചത് 2017-18 സാമ്പത്തിക വർഷമാണ്. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 29.10.19 തീയതിയിലെ അജണ്ട-2 തീരുമാനം-1 പ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കാൻ വിസമ്മതിച്ച രണ്ട് ഗുണഭോക്താക്കളെ ഒഴിവാക്കി ലൈഫ് മിഷൻ ഭവന നിർമ്മാണം ഒന്നാം ഘട്ടം കാണക്കാരി പഞ്ചായത്തിൽ പൂർത്തിയാക്കിയതായി തീരുമാനിച്ചു. പ്രോജക്ട് രജിസ്റ്റർ പരിശോധിച്ചതിൽ സഞ്ജുമോൻ, സൂസമ്മ എന്നീ ഗുണഭോക്താക്കൾ പദ്ധതിയുടെ ഒന്നാം ഗഡു കൈപ്പറ്റിയിട്ടും നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലയെന്ന് കാണുന്നു. ടി ഗുണഭോക്താക്കൾ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ലൈഫ് ഫേസ്-1 പ്രോജക്ട് നമ്പർ വർഷം | കൈപ്പറ്റിയ തുക (രൂപ) | ചെക്കിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | സഞ്ജുമോൻ | 145/17-18 | 50000 | ചെക്ക് നമ്പർ 9635369 തീയതി 17.02.18 |
| 2 | സൂസമ്മ | 126/18-19 | 30000 | ചെക്ക് നമ്പർ 2737436 തീയതി 01.06.18 |

സഞ്ജുമോൻ, സൂസമ്മ എന്നീ ഗുണഭോക്താക്കളെയാണ് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 29.10.19 തീയതിയിലെ തീരുമാനപ്രകാരം ലൈഫ് പദ്ധതിയിൽ നിന്ന് (ഫേസ്-1) ഒഴിവാക്കിയതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പദ്ധതി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടും ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്ത പ്രസ്തുത ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/19.12.19) ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധ്യതയില്ലാത്ത ഗുണഭോക്താക്കളെ ഒഴിവാക്കി ലൈഫ് ഫേസ്- 1 പൂർത്തീകരിച്ചതായി പഞ്ചായത്ത് കമ്മറ്റികൾ തീരുമാനമെടുത്ത് അറിയിക്കണമെന്ന ലൈഫ് മിഷൻ നിർദ്ദേശിച്ചതിനാലാണ് നിരന്തരമായി ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിട്ടും നിർമ്മാണം തുടങ്ങാത്ത പ്രസ്തുത ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചതെന്നും കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടക്കണമെന്നാവശ്യപ്പെട്ട് രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. ആവശ്യമെങ്കിൽ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-37 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം- സംബന്ധിച്ച്

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട് . ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക | ലഭിച്ച വർഷം | ആവശ്യം |
|---|---|---|---|---|---|
| 1 | 320100115 | സമ്പൂർണ്ണ ശുചിത്വം | 1544849 | 2017-18 | ശുചിത്വ പ്രോജക്ടുകൾക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭിച്ചത് |
| 2 | 320100116 | സർവ്വ ശിക്ഷ അഭിയാൻ | 126763 | 2013-14 | വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ |
| 3 | 320300399 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ട് | 29366 | 2013-14 | എം എൻ ലക്ഷം വീട് നവീകരണം |
| 4 | 320300199 | സർക്കാർ ഇതര ഏജൻസികളിൽ നിന്ന് ലഭിച്ച ഗ്രാന്റ് | 221708 | 2018-19 | കല്ലമ്പാറ പകൽ വീട് നവീകരണം |

ഇത് സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിനുള്ള (നം.24/20.12.19) മറുപടിയിൽ ടി തുകകൾ 2019-20 വർഷത്തെ വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തി എന്ന് അറിയിച്ചിട്ടുണ്ട്. തുക ചെലവഴിക്കാത്ത പക്ഷം അതാത് ഏജൻസികളിൽ തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ബില്ലിൽ നിന്നും നികുതി വിഹിതങ്ങൾ കറവ് ചെയ്തില്ല - ഓവർഹെഡ് ചാർജിനത്തിൽ വകയിരുത്തിയ തുക ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകി

| | |
|---|---|
| പ്രോജക്ട് | 127/19 ചെന്തിട്ട കനാൽ റോഡ് മെയിന്റനൻസ് |
| അടങ്കൽ | 300000 |
| ചെലവ് | 290000 BRN- 118002/15/05/18 |
| കൺവീനർ | ജോസ് കെ. എം. |
| എഗ്രിമെന്റ് | 45/AE/LSGD/KNRY/16-17 24/03/17 |
| അളവ് പുസ്തകം | 45/16-17 |

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നികുതി വിഹിതം അടയ്ക്കുന്നതിനുള്ള തുക ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക

കുറച്ച് കൺവീനർക്ക് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. മേൽ പ്രവൃത്തിയുടെ വിവിധയിനങ്ങളുടെ ഡേറ്റായിൽ 10% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. 7/2017 ൽ ജി.എസ്.ടി.നിലവിൽ വരികയും കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 1% ആദായനികുതിയും 1% കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത്. നികുതിയിനത്തിൽ 2% തുകയുടെ ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ വകയിരുത്തിയ 8% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. സർക്കുലർ നം.ഡി.ബി3-9058/1/സി.ഇ/എൽ.എസ്.ജി.ഡി തീ:16.3.2018 ൽ ഇത് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. ആദായനികുതി 2% നിരക്കിൽ കുറവ് ചെയ്യാത്തതിനാലും അധികം വകയിരുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്യാത്തതിനാലും വേലമൂല്യത്തിന്റെ 8% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്.

<u>ചെലവ് വിവരം</u>

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 299871 | 299871 |
| കുറയ്ക്കുക-ഐ.ടി (1%) | 2999 | 2999 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 2999 | 2999 |
| ഫൈൻ | 14979 | 14979 |
| ഓവർ ഹെഡ് ചാർജ് (8%) | 23990 | 0 |
| നെറ്റ് തുക | 254904 | 278894 |
| അധികം നൽകിയ തുക | | 23990 |

മേൽ വിവരിച്ച പ്രകാരമുള്ള 23,990/-രൂപയുടെ അധികചെലവിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സോജൻ കെ.എസ്. ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 20.05.19 & 21.05.19 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 23.5.19ലെ കെ.എസ്.എ.കെ.ടി.എം.പി4-611/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|

| നല്കിയ സ്ഥാപനം | തീയതി | തുക | | | |
|---|---|---|---|---|---|
| ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് | 21.07.18 | 65200 | ലൈഫ് ഭവനപദ്ധതി-TSP | 65200 | 0 |
| | 21.07.18 | 936294 | ലൈഫ് ഭവനപദ്ധതി -ജനറൽ | 936294 | 0 |
| | 21.07.18 | 197937 | ലൈഫ് ഭവനപദ്ധതി-എസ് സി പി | 0 | 197937 |
| | 07.12.18 | 100000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 100000 | 0 |
| | 07.12.18 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 07.12.18 | 225000 | നെൽകൃഷി വികസനം | 225000 | 0 |
| | **ആകെ** | 1624431 | | 1426494 | 197937 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 28.09.18 | 79874 | ലൈഫ് ഭവനപദ്ധതി-TSP | 79874 | 0 |
| | 28.09.18 | 150237 | ലൈഫ് ഭവനപദ്ധതി-എസ്.സി പി | 140000 | 10237 |

| | | | | | |
|---|---|---|---|---|---|
| | 28.09.18 | 591368 | ലൈഫ് ഭവനപദ്ധതി -ജനറൽ | 591368 | 0 |
| | 23.01.19 | 1000000 | കിണർ റീചാർജ്ജിങ്ങ് | 0 | 1000000 |
| | 21.03.19 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | 21.03.19 | 1000000 | കിണർ റീചാർജ്ജിങ്ങ് | 0 | 1000000 |
| | **ആകെ** | 3071479 | | 1061242 | 2010237 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക/ചെക്ക് നം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പുന്നക്കാമറ്റം പൂതക്കുഴി റോഡ് സ്ട്രീറ്റ് മെയിൻ | 55000/-<br>21801241/25.03.19 | 0 | 55000 |
| കെ.എസ്.ഇ.ബി | ജവാൻ സന്തോഷ് കുമാർ റോഡ് -ചാണകപ്പാറ സ്ട്രീറ്റ് മെയിൻ | 37000<br>21801242/25.03.19 | 0 | 37000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 4922338 | - | - | - | 4922338 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 38526/- രൂപയുടെ വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2017-18 | ഖണ്ഡിക 2(9) കെട്ടിടങ്ങളുടെ ക്രമവൽക്കരണഫീസ് ഈടാക്കുന്നതിൽ കുറവ് | 315 | റെജി വർഗ്ഗീസ്, കർത്തേടത്ത് നെടിയോരത്തിൽ | 118060103995/10.01.19 |
| 2017-18 | ഖണ്ഡിക2(9) കെട്ടിടങ്ങളുടെ ക്രമവൽക്കരണഫീസ് ഈടാക്കുന്നതിൽ കുറവ് | 624 | മാത്യു സക്കറിയ, പന്നക്കൽ | 118060104013/11.01.19 |
| | ഖണ്ഡിക 2(9) കെട്ടിടങ്ങളുടെ ക്രമവൽക്കരണഫീസ് ഈടാക്കുന്നതിൽ കുറവ് | 1933 | സിസ്റ്റർ ജാൻസി, സെന്റ് അലോഷ്യസ് സൊസൈറ്റി ഓഫ് എഡ്യൂക്കേഷൻ | 118060104181/24.01.19 |

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

### 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82381078 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63400841 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23990 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1498659 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 23990 | ശ്രീ.സോജൻ കെ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 32,649 | ശ്രീ.ബെന്നി ജേക്കബ്, സെക്രട്ടറി |
| 1-27 | 2,66,010 | ശ്രീ.സോജൻ കെ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 5,00,000 | ഡോ.ജയദേവൻ, വെറ്ററിനറി സർജൻ |
| 1-35 | 7,00,000 | ശ്രീമതി ശ്രീജ രാധാകൃഷ്ണൻ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| **ആകെ** | **1498659** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.സോജൻ കെ.എസ്.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കാണക്കാരി ഗ്രാമപഞ്ചായത്ത് | കൊട്ടാരത്തിൽ<br>ഇടമറ്റം പി.ഒ.,<br>പാലാ – 686578 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98ചെലവ് | നം.എൽ.എഫ്.കെ.പി.2/347/99/10.05.99 | 9 |
| 1999-00 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(1)18/31-1-18 | 24 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി.4/863/02/30.04.03 | 26 |
| 2000-01,2001-02 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(3)18/31-1-18 | 14 |
| 2000-01 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(2)18/31-1-18 | 12 |
| 1996-97 വരവ് | നം.എൽ.എഫ്.കെ.പി.10/1416/07/29.11.08 | -- |
| 2002-03ചെലവ് | നം.കെഎസ്എകെടിഎംപി4(അദാ.2018)49(4)18/31-1-18 | 5 |
| 2002-03ഡി.സി.ബി | നം.എൽ.എഫ്.കെ.പി.10/1423/07/29.11.08 | 01 |
| 2003-04 (ചെലവ്) | നം.എൽ.എഫ്.കെ.പി.10/120/06/06.11.07 | 14 |
| 2003-04 (ഡി.സി.ബി) | നം.കെഎസ്എകെടിഎംപി4(അദാ.2018)49(4A)18/31-1-18 | 5 |
| 2004-05 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(5)18/31-1-181 | 5 |
| 2005-06 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(6)18/21-2-18 | 5 |
| 2006-07 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(7)18/21-2-18 | 4 |
| 2007-08 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(8)18/26-2-18 | 3 |
| 2008-09 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(9)18/21-3-18 | 2 |
| 2009-10 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(10)18/26-2-18 | 1 |

| | | |
|---|---|---|
| 2010-11 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(11)18/26-2-18 | 7 |
| 2011-12 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(12)18/26-2-18 | 5 |
| 2012-13 | നം.എൽ.എഫ്.കെ.പി.4/118/14/08.09.15 | 23 |
| 2013-14 | നം.എൽ.എഫ്.കെ.പി.4/1248/14/03.09.15 | 16 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി4-971/16, 18.02.17 | 11 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി4-1512/16/21.02.2017 | 10 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി4-2072/17/06.02.2018 | 27 |
| 2017-18 | കെ.എസ്.എ.കെ.ടി.എം.പി.2-172/2018(23)/07.03.2018 [സമാഹൃത റിപ്പോർട്ട് 2017-18 (ഇ-ഗവേണൻസും സോഫ്ട്‌വെയറുകളും) സ്പെഷ്യൽ റിപ്പോർട്ട്] | 5 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി4.1970/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 01.02.2020**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**